DESPATCHED
On 25/02/2020

17/01/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic@kerala.nic.in

ഹർജി നമ്പർ **CP 416 (6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.4714/SIC-Gen5/2015**

**സന്നിഹിതൻ**
**ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. സി. എച്ച്. പ്രഭാകരൻ,<br>അമ്പിളി,<br>കൊറ്റാളി പി.ഒ.,<br>കണ്ണൂർ.5. | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സെക്രട്ടറി,<br>പുഴാതി ഗ്രാമ പഞ്ചായത്ത്,<br>പി.ഒ. കക്കാട്,<br>കണ്ണൂർ – 670 005. | എതിർകക്ഷി |

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 15.1.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 3.3.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 21.3.2015 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 25.3.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29.4.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | – |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 17.1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗ് സാന്നിദ്ധ്യം | എതിർകക്ഷി ഹാജരായി. പരാതി ഹർജിക്കാരൻ ഹാജരുണ്ടായില്ല |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. സി. എച്ച്. പ്രഭാകരൻ, കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാതെ 18 ദിവസം വൈകി 3.3.2015 തീയതി മറുപടി നൽകിയിരിക്കുകയാണെന്നും ആയതു പ്രകാരം അറിയിച്ചത്, ഓഫീസിൽ നേരിട്ട് ഹാജരായി രേഖകൾ പരിശോധിക്കാവുന്നതാണെന്നും ആയത് വിവരാവകാശ നിയമത്തിന്റെ അന്തസത്തയ്ക്ക് നിരക്കാത്തതാണെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

(i) ഉദയംകുന്ന് മത്സ്യ മാർക്കറ്റ് ഏത് വർഷം മുതലാണ് ശ്രീമതി. യശോദയുടെ പേരിൽ അസ്സസ്മെന്റ് രജിസ്റ്ററിൽ ചേർത്ത് കാണുന്നത് എന്നും

(ii) മേൽപ്പടി മാർക്കറ്റ് യശോദയുടെതാണെന്നു സ്ഥിരീകരിച്ചത് ഏത് ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി ആണെന്നും, പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് നൽകണമെന്നും

(iii) ശ്രീമതി. യശോദ സമർപ്പിച്ച ഭാഗപത്രത്തിൽ മത്സ്യ മാർക്കറ്റ് ഇല്ലാത്ത കാര്യം എന്തുകൊണ്ട് പരിഗണിച്ചില്ലെന്നും മറ്റുമായി 5 പ്രധാന ഇനങ്ങളിലും ഉപഇനങ്ങളിലുമായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ അറിയുന്നതിന് ഓഫീസ് പ്രവൃത്തി സമയം ഹാജരായി ലഭ്യമായ രേഖകൾ പരിശോധിക്കാവുന്നതാണെന്നാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ കണ്ണൂർ കോർപ്പറേഷൻ ഓഫീസിലെ എതിർകക്ഷി ബോധിപ്പിച്ചത്, നിലവിൽ പുഴാതി ഗ്രാമ പഞ്ചായത്ത് കോർപ്പറേഷന്റെ അധികാര പരിധിയിൽ ആണെന്നും മേൽപ്പടി പഞ്ചായത്ത് കോർപ്പറേഷനോട് ചേർത്ത സമയം പഞ്ചായത്തിൽ ലഭ്യമായിരുന്ന എല്ലാ രേഖകളും കൈമാറി നൽകിയിട്ടില്ലെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് ഈ അവസരത്തിൽ എന്തെങ്കിലും മറുപടി നൽകാൻ സാധിക്കുന്നതല്ലെന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ അവസരത്തിൽ നൽകുക എന്നത് ദുഷ്കരമാണെന്നു കമ്മീഷൻ വിലയിരുത്തുന്നു. കാരണം ഹർജിക്കാരൻ വിവരാവകാശ അപേക്ഷ സമർപ്പിച്ച അവസരത്തിൽ പുഴാതി ഗ്രാമ പഞ്ചായത്ത് നിലവിൽ ഉണ്ടായിരുന്നു എന്നും എന്നാൽ പിന്നീട് മേൽപ്പടി പഞ്ചായത്ത് കണ്ണൂർ കോർപ്പറേഷൻ ഭാഗമാക്കിയിട്ടുള്ളതാണെന്നും കാണുന്നു. ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിലേക്കുതകുന്ന ബന്ധപ്പെട്ട ഫയൽ നിലവിൽ കോർപ്പറേഷൻ ഓഫീസിൽ ലഭ്യമല്ലെന്നാണ് കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ എതിർകക്ഷി ബോധിപ്പിച്ചത്. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട മത്സ്യ മാർക്കറ്റ് സംബന്ധിച്ച വിവരം നിലവിലെ കോർപ്പറേഷൻ അസ്സസ്മെന്റ് രജിസ്റ്ററിൽ ലഭ്യമാണെങ്കിൽ ആയതു സംബന്ധിച്ച വിവരങ്ങൾ ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

STATE INFORMATION COMMISSION • KERALA THIRUVANANTHAPURAM

bnk